compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 നവംബർ 18
Tuesday, 18th November 2025

1201 വൃശ്ചികം 2
2nd Vrischikam 1201

1947 കാർത്തികം 27
27th Karthika 1947

വാല്യം 14
Vol. XIV

നമ്പർ **46**
No.

Part III

Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKZD/717/2024-C2. 2025 നവംബർ 11.

കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്ക്, ചേമഞ്ചേരി വില്ലേജ്, വെങ്ങളം ദേശത്ത് റീ സർവ്വേ നമ്പർ 113-ൽപ്പെട്ട നോർത്ത് ഓഫ് അഴിമുഖം കോരപ്പുഴയിൽ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ നമ്പർ 48/2014 ഊന്നിവല കാളിയാറക്കൽ കാർത്ത്യായനി എന്ന വ്യക്തിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. കാളിയാറക്കൽ കാർത്ത്യായനി എന്നവർ 3-5-2023-ന് മരണപ്പെട്ടു.

48/2014 രജിസ്റ്റർ നമ്പരുള്ള ഊന്നിവലയുടെ ഉടമസ്ഥാവകാശം ശ്രീമതി കാളിയാറക്കൽ കാർത്ത്യായനി എന്നവരുടെ മകനും മത്സ്യത്തൊഴിലാളിയുമായ ശ്രീ. ബാബു, കെ., കാളിയാറക്കൽ, വെങ്ങളം, കോഴിക്കോട് എന്നയാൾക്ക് കൈമാറ്റം ചെയ്യുന്നതിനായുള്ള നിരാക്ഷേപ പത്രത്തിനായി ഈ ഓഫീസിൽ അപേക്ഷിക്കുകയും ഈ ഓഫീസിലെ 22-6-2025 തീയതിയിലെ DDFKZD/717-2024-C2 നമ്പർ പ്രകാരം പ്രസ്തുത ജമമാറ്റത്തിന് നിരാക്ഷേപ പത്രം ശ്രീ. ബാബു, കെ., കാളിയാറക്കൽ, വെങ്ങളം, കോഴിക്കോട് എന്നയാൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചേമഞ്ചേരി സബ്ബ് രജിസ്ട്രാർ ആഫീസ് 2025-ലെ ഒന്നാം നമ്പർ പുസ്തകം 900 വാല്യം 37 മുതൽ 44 വരെ വശങ്ങളിൽ 1661-ാം നമ്പർ കൂട്ടവകാശം ഒഴിമുറി ആധാരം പ്രകാരം പ്രസ്തുത ഊന്നിവലയുടെ ഉടമസ്ഥാവകാശം ശ്രീ. ബാബു, കെ., കാളിയാറക്കൽ, വെങ്ങളം, കോഴിക്കോട് എന്നവർക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പ്രസ്തുത ഊന്നിവല ശ്രീ. ബാബു, കെ., കാളിയാറക്കൽ, വെങ്ങളം, കോഴിക്കോട് എന്നയാളുടെ പേരിലേക്ക് ജമമാറി അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലയുടെ രജിസ്ട്രേഷന് അപേക്ഷകനായ ശ്രീ. ബാബു, കെ., കാളിയാറക്കൽ, വെങ്ങളം, കോഴിക്കോട് എന്നയാളുടെ പേരിലേക്ക് ജമമാറി അനുവദിച്ച് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
പി. ഒ. വെസ്റ്റ് ഹിൽ, കോഴിക്കോട്. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.18 03:21:15 +05:30